

# ഖുർആൻ ബോധനം

**699**

എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

**105.** ഈ വേദം നാം സത്യവുമായി ഇറക്കിയിരിക്കുന്നു. സത്യമായിത്തന്നെ അത് ഇറങ്ങുകയും ചെയ്തിരിക്കുന്നു. നിന്നെ സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടല്ലാതെ നാം അയച്ചിട്ടില്ല.

**106.** നാം അത് ഖണ്ഡങ്ങളായി പിരിച്ച ഖുർആനായും ഇറക്കിയിരിക്കുന്നു. നീ അത് ജനങ്ങൾക്ക് സാവകാശം ഓതിക്കൊടുക്കാൻ. നാം അത് പലപ്പോഴായിട്ടും ഇറക്കിയിട്ടുള്ളതാകുന്നു.

**107.** പ്രവാചകൻ അവരോടു പറയുക: നിങ്ങൾ വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്തുകൊള്ളുക. എന്നാൽ നേരത്തെ ജ്ഞാനം ലഭിച്ചിട്ടുള്ളവർ ഇതു കേൾപിക്കപ്പെട്ടാൽ മുഖം കുത്തി സാഷ്ടാംഗ പ്രണാമത്തിൽ വീണുപോകും.

**108.** അവർ പ്രാർഥിക്കും: ഞങ്ങളുടെ നാഥൻ പരമപരിശുദ്ധനത്രെ. അവന്റെ വാഗ്ദാനം സാക്ഷാത്കരിക്കപ്പെടുന്നതു തന്നെ.

**109.** അവർ കരഞ്ഞുകൊണ്ട് മുഖം കുത്തി വീഴുന്നു. അതിന്റെ ശ്രവണം അവരിൽ ഭയഭക്തി വർധിപ്പിച്ചു കൊണ്ടേയിരിക്കും.

وَبِٱلْحَقِّ أَنزَلْنَٰهُ وَبِٱلْحَقِّ نَزَلَ وَمَآ أَرْسَلْنَٰكَ إِلَّا مُبَشِّرًا وَنَذِيرًا ﴿١٠٥﴾

وَقُرْءَانًا فَرَقْنَٰهُ لِتَقْرَأَهُۥ عَلَى ٱلنَّاسِ عَلَىٰ مُكْثٍ وَنَزَّلْنَٰهُ تَنزِيلًا ﴿١٠٦﴾

قُلْ ءَامِنُوا۟ بِهِۦٓ أَوْ لَا تُؤْمِنُوٓا۟ إِنَّ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ مِن قَبْلِهِۦٓ إِذَا يُتْلَىٰ
عَلَيْهِمْ يَخِرُّونَ لِلْأَذْقَانِ سُجَّدًا ﴿١٠٧﴾

وَيَقُولُونَ سُبْحَٰنَ رَبِّنَآ إِن كَانَ وَعْدُ رَبِّنَا لَمَفْعُولًا ﴿١٠٨﴾

وَيَخِرُّونَ لِلْأَذْقَانِ يَبْكُونَ وَيَزِيدُهُمْ خُشُوعًا ۩ ﴿١٠٩﴾

സത്യമായി (തന്നെ) =وَبِٱلْحَقِّ  നാം അത് (ഈ വേദം) ഇറക്കിയിരിക്കുന്നു =أَنزَلْنَٰهُ  സത്യവുമായി =وَبِٱلْحَقِّ
നാം നിന്നെ അയച്ചിട്ടില്ല =وَمَآ أَرْسَلْنَٰكَ  അത് ഇറങ്ങി(ങ്ങുകയും ചെയ്തിരിക്കുന്നു) =نَزَلَ
ഒരു മുന്നറിയിപ്പുകാരനായിട്ടല്ലാതെയും =وَنَذِيرًا  ഒരു സുവിശേഷകനായിട്ടല്ലാതെ =إِلَّا مُبَشِّرًا
നാം അതിനെ പിരിച്ചു(ഖണ്ഡങ്ങളായി പിരിച്ച) =فَرَقْنَٰهُ  ഖുർആൻ ആയിട്ടും (ഇറക്കിയിരിക്കുന്ന) =وَقُرْءَانًا
താമസത്തിന്മേൽ, സാവകാശമായി =عَلَىٰ مُكْثٍ  ജനങ്ങൾക്ക് =عَلَى ٱلنَّاسِ  നീ അത് ഓതാ(തിക്കൊടുക്കാ)ൻ =لِتَقْرَأَهُۥ
നാം അതിനെ ഒരു ഇറക്കൽ ഇറക്കി (അപ്പപ്പോഴായും ഇറക്കിയിട്ടുള്ളതാകുന്നു) =وَنَزَّلْنَٰهُ تَنزِيلًا
നീ (പ്രവാചകൻ അവരോട്) പറയുക =قُلْ
നിങ്ങൾ ഇതിൽ വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്തുകൊള്ളുക =ءَامِنُوا۟ بِهِۦٓ أَوْ لَا تُؤْمِنُوٓا۟
എന്നാൽ നേരത്തെ ജ്ഞാനം ലഭിച്ചിട്ടുള്ളവർ (ഉണ്ടല്ലോ) =إِنَّ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ مِن قَبْلِهِۦٓ
അവർ വീഴുന്നു =يَخِرُّونَ  അവരുടെ മേൽ ഓതപ്പെട്ടാൽ (ഇതു കേൾപ്പിക്കപ്പെട്ടാൽ) =إِذَا يُتْلَىٰ عَلَيْهِمْ

സാഷ്ടാംഗം പ്രണാമം ചെയ്യുന്നവരായിട്ട് =سُجَّدًا  താടികളിന്മേൽ(മുഖം കുത്തി) = لِلْأَذْقَانِ
ഞങ്ങളുടെ നാഥൻ പരമപരിശുദ്ധനത്രെ = سُبْحَانَ رَبِّنَآ  അവർ പ്രാർഥിക്കുന്നു = وَيَقُولُونَ
തീർച്ചയായും ഞങ്ങളുടെ നാഥന്റെ വാഗ്ദാനം ആയിരിക്കുന്നു = إِن كَانَ وَعْدُ رَبِّنَا
അവർ വീഴുന്നു = وَيَخِرُّونَ  പ്രവർത്തിക്കപ്പെടുന്നത്(സാക്ഷാത്കരിക്കപ്പെടുന്നത്) തന്നെ =لَمَفْعُولًا
അവർ കരയും (കരഞ്ഞുകൊണ്ട്) = يَبْكُونَ  താടികളിന്മേൽ (മുഖം കുത്തി) = لِلْأَذْقَانِ
ഭയഭക്തി =خُشُوعًا  അത് (അതിന്റെ ശ്രവണം) അവരിൽ വർധിപ്പിച്ചുകൊണ്ടിരിക്കും = وَيَزِيدُهُمْ

**105, 106.** ഈ പ്രഭാഷണത്തിന്റെ മൗലിക വിഷയം ദിവ്യസന്ദേശവും ഖുർആനും ആണല്ലോ. ഇടക്ക് അതിനെതിരെ അവിശ്വാസികൾ ഉന്നയിക്കുന്ന വിമർശനങ്ങളെയും, ദൃഷ്ടാന്തങ്ങളാവശ്യപ്പെടുന്നതിനെയും കുറിച്ചു ചില കാര്യങ്ങൾ വ്യക്തമാക്കിയ ശേഷം സൂറയുടെ സമാപനത്തിൽ ചർച്ച ഖുർആനിലേക്കുതന്നെ മടങ്ങിക്കൊണ്ട് പറയുകയാണ്: അല്ലാഹു അവതരിപ്പിച്ച സത്യസന്ദേശമാണിത്. حق എന്ന മൂലപദം സത്യം, യാഥാർഥ്യം, ധർമം, നീതി, അവകാശം, ബാധ്യത തുടങ്ങിയ ആശയങ്ങളെയെല്ലാം ഉൾക്കൊള്ളുന്നു. ഈ ആശയങ്ങളെല്ലാം ആദ്യത്തെ حق ൽ വിവക്ഷിതമാണ്. ഇതിലുള്ളത് സത്യവചനങ്ങളാണ്, ധർമശാസനകളാണ്, നീതിസാരങ്ങളാണ്. മനുഷ്യന്റെ അവകാശ ബാധ്യതകൾ സംബന്ധിച്ച തത്ത്വങ്ങളാണ്. ഏറ്റം സത്യമായ വഴിയിലൂടെയാണ് ഈ വേദം പ്രവാചകന് അവതരിച്ചുകിട്ടിയിട്ടുള്ളത്. രണ്ടാമത്തെ بِالْحَقِّ ന്റെ താൽപര്യം സത്യസന്ധമായ, ആധികാരികമായ, ശരിയായ വഴിയിലൂടെ എന്നാണ്. അസത്യത്തിന്റെയും മിഥ്യയുടെയും യാതൊരു കലർപ്പും അതിൽ ചേർന്നിട്ടില്ല. ഈ വിധമുള്ള ശുദ്ധസത്യത്തെയാണീ കൂട്ടർ പലതരം സന്ദേഹങ്ങളും വിമർശനങ്ങളുമുയർത്തി തള്ളിക്കളയുന്നത്. എന്നാൽ അത്തരമാളുകളെ എവ്വിധമെങ്കിലും വിശ്വസിപ്പിക്കാനൊന്നും പ്രവാചകൻ ബാധ്യസ്ഥനല്ല. ഈ സന്ദേശം സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിന്റെ സൽഫലങ്ങളുടെ ശുഭവാർത്ത നൽകുകയും, അവിശ്വസിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നതിന്റെ ദുഷ്പരിണതികളെക്കുറിച്ചു മുന്നറിയിപ്പു നൽകുകയും മാത്രമാകുന്നു പ്രവാചകന്റെ ഉത്തരവാദിത്തം.

وَقُرْءَانًا فَرَقْنَـٰهُ വിലെ ഖുർആൻ فَرَقْنَـٰهُ എന്ന ക്രിയയുടെ മുന്നിൽ വന്ന കർമമായും أَنزَلْنَـٰهُ വിലെ കർമത്തിന്റെ വിശേഷണമായും نزل യുടെ അവസ്ഥ حال ആയും അനുക്തമായ മറ്റൊരു فرقنا യുടെ കർമമായും എല്ലാം വ്യാഖ്യാനിക്കാവുന്നതാണ്. എങ്ങനെ വ്യാഖ്യാനിച്ചാലും ആശയം തർജമയിൽ കൊടുത്തതു തന്നെ; ധാരാളം വായിക്കുന്നതിനും വായിക്കപ്പെടുന്നതിനും ഭാഷയിൽ قرآن എന്നുപറയും. പ്രവാചകൻ ജനങ്ങൾക്ക് സാവകാശം ആവർത്തിച്ചു വായിച്ചുകൊടുക്കുന്നതിനും ജനങ്ങളാൽ നിരന്തരം വായിക്കപ്പെടുന്നതിനും വേണ്ടിയാണ് ഈ ഖുർആൻ വ്യത്യസ്ത ഖണ്ഡങ്ങളായും വ്യത്യസ്ത സന്ദർഭങ്ങളിലായും അവതരിപ്പിച്ചിരിക്കുന്നത്. فرقنا എന്നാൽ നാം അതിനെ വ്യത്യസ്ത ഖണ്ഡങ്ങളാക്കി വേർതിരിച്ചു. نَزَّلْنَـٰهُ എന്നാൽ പലപ്പോഴായി ഇറക്കി എന്നും. മനുഷ്യർ ഗ്രഹിക്കുന്നതിനുവേണ്ടി അല്ലാഹു ഈ ഖുർആനിലൂടെ ജീവിതതത്ത്വങ്ങൾ പലവിധത്തിൽ വിശദീകരിച്ചുവെന്ന് നേരത്തെ 89-ാം സൂക്തത്തിൽ പറഞ്ഞിട്ടുണ്ട്. മറ്റൊരു സൂറയിൽ മനുഷ്യർ ഉദ്ബുദ്ധരാകുന്നതിനുവേണ്ടി ഖുർആൻ വളരെ ലളിതമാക്കിയിരിക്കുന്നു. وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ എന്നും പ്രസ്താവിച്ചിരിക്കുന്നു. അപ്പറഞ്ഞ ലളിതവൽക്കരണത്തിന്റെ ഒരു രൂപമാണ് ഇവിടെ സൂചിപ്പിക്കുന്നത്. എതാണ്ട് 23 കൊല്ലക്കാലം കൊണ്ടാണ് ഖുർആന്റെ അവതരണം പൂർണമായത്. പ്രവാചകന്റെയും ശിഷ്യന്മാരുടെയും ജീവിതത്തിന്റെ ഓരോ പ്രശ്ന മുഹൂർത്തത്തിലും ആ പ്രശ്നവുമായി ബന്ധപ്പെട്ട സന്ദേശം അവതരിക്കുകയായിരുന്നു പതിവ്. ഓരോ സൂക്തത്തിന്റെയും ആശയം അതിന്റെ അവതരണ പശ്ചാത്തലത്തിൽ നിന്നുതന്നെ വിശ്വാസികൾക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. കൂടാതെ ഓരോ സൂക്തവും അവരോടാവശ്യപ്പെടുന്നതെന്താണെന്ന് പ്രവാചകൻ വിശദീകരിച്ചുകൊടുക്കുകയും ജീവിതത്തിൽ പ്രയോഗിച്ചു കാണിക്കുകയും ചെയ്തിരുന്നു. നീ ജനങ്ങൾക്ക് സാവകാശം വായിച്ചു കൊടുക്കാൻ لِتَقْرَأَهُۥ عَلَى ٱلنَّاسِ عَلَىٰ مُكْثٍ എന്നതിന്റെ താൽപര്യം ഖുർആൻ അവരെ ഉച്ചരിച്ചു കേൾപ്പിക്കുക മാത്രമല്ല, ഈ വിശദീകരണവും പ്രയോഗവൽക്കരണവും കൂടിയാണ്. അനുവാചകരെ വായിച്ചു കേൾപിക്കാൻ മാത്രമായിട്ടല്ല പ്രവാചകന് ഖുർആൻ അവതരിച്ചത്. അവരുടെ ജീവിതം പരിവർത്തിപ്പിക്കുകയായിരുന്നു അതിന്റെ ദൗത്യം. ഈ ദൗത്യം പൂർത്തിയാക്കാൻ ആദർശ ഭാഷണത്തോടൊപ്പം ആദർശങ്ങളുടെ മൂർത്തരൂപം സംഭവലോകത്തു പ്രത്യക്ഷമാവുകയും വേണം. ഖുർആൻ മുഴുവൻ ഒറ്റയടിക്കു വായിച്ചു കേൾപ്പിക്കുന്നത് കൊണ്ട് അത് സാധിക്കുകയില്ല. അപ്പപ്പോൾ തോന്നുന്ന ഖണ്ഡങ്ങൾ പലപ്പോഴായി വായിച്ചുകൊടുത്താലും സാധിക്കുകയില്ല. ഓരോ സൂക്തവും കേൾപ്പിക്കപ്പെടുന്നത് ആ വാക്യത്തിന്റെ പ്രയോഗ സന്ദർഭത്തിലായിരിക്കണം. എങ്കിലേ അതിന്റെ മൂർത്ത രൂപം മനസ്സിൽ പതിയൂ. പ്രവാചകന്റെയും ശിഷ്യന്മാരുടെയും മനസ്സിൽ ഖുർആൻ ഈ രൂപത്തിൽ ആഞ്ഞുപതിയേണ്ടത് അനിവാര്യമായിരുന്നു. അവരിലൂടെയാണല്ലോ പിന്മുറക്കാർ ഖുർആൻ പഠിക്കുന്നത്. قُرْءَانًا فَرَقْنَـٰهُ എന്നതിന് ഖുർആനിനെ നാം വിശദീകരിച്ചിരിക്കുന്നു. بيناه وفصلناه എന്നും ചില വ്യാഖ്യാതാക്കൾ അർഥം നൽകിയിട്ടുണ്ട്.

ഖുർആൻ എന്തുകൊണ്ട് ഒറ്റയടിക്ക് ഒന്നായി അവതരിച്ചില്ല എന്ന ഖുറൈശികളുടെ ചോദ്യത്തിന് മറുപടിയായി സൂറഃ *അൽഫുർഖാൻ* 32-33 സൂക്തങ്ങളിൽ രണ്ടു കാരണങ്ങൾ പറഞ്ഞിരിക്കുന്നു: "അവിശ്വാസികൾ ചോദിക്കുന്നു, ഇയാൾക്ക് ഈ ഖുർആൻ ഒറ്റയടിക്ക്

ഒന്നായി അവതരിപ്പിക്കപ്പെടാത്തതെന്തേ? അങ്ങനെ ചെയ്തത് നാം അതു നിന്റെ മനസ്സിൽ നന്നായി പതിപ്പിക്കുന്നതിനുവേണ്ടിയാകുന്നു. അതിനു വേണ്ടി നാം അതിനെ നിശ്ചിത ഭാഗങ്ങളാക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസികൾ അതിനെതിരെ ഓരോ ന്യായങ്ങളുമായി വരുമ്പോഴൊക്കെ ഉടൻ തന്നെ അതിന്റെ ഏറ്റം ശരിയും വിശിഷ്ടവുമായ വിശദീകരണം നിനക്കു പറഞ്ഞു തരുന്നതിനു വേണ്ടിയുമാണ്."

ഖുർആനിന്റെ അവതരണം സംബന്ധിച്ച് ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി ബൈഹഖി ഉദ്ധരിക്കുന്നു: റമദാനിലെ ലൈലത്തുൽ ഖദ്റിൽ ഖുർആൻ ഒന്നിച്ച് ഒറ്റത്തവണയായി സമീപവാനത്തിലേക്കിറങ്ങി. വിഗ്രഹാരാധകർ ഒരു സംഭവമുണ്ടാക്കിയാൽ അല്ലാഹു അവർക്ക് മറുപടിയുളവാക്കും. അങ്ങനെ അല്ലാഹു ഖുർആനിനെ ഇരുപതു വർഷങ്ങളിലായി വിഭജിച്ചു." ഇബ്നു അബ്ബാസിൽ നിന്ന് ഇബ്നു അബീഹാതിമും ഇബ്നുൽ അൻബാരിയും ഉദ്ധരിക്കുന്നു: ഖുർആൻ അല്ലാഹുവിങ്കലുള്ള ലൗഹുൽ മഹ്ഫൂളിൽ നിന്ന് സമീപവാനത്തിലെ സഫറതുൽ കിറാം ആയ എഴുത്തുകാരിലേക്ക് ഒറ്റയടിക്ക് മുഴുവനായി ഇറങ്ങി. എഴുത്തുകാർ അത് ഇരുപതു രാവുകളിലേക്ക് ജിബ്രീലിനു വിഭജിച്ചു കൊടുത്തു. ജിബ്രീൽ നബി(സ)ക്ക് ഇരുപതു വർഷങ്ങളിലേക്ക് വിഭജിച്ചുകൊടുത്തു. അപ്പോൾ വിഗ്രഹാരാധകർ ചോദിച്ചു: എന്തുകൊണ്ടിയാൾക്ക് ഖുർആൻ ഒറ്റയടിക്ക് ഒന്നിച്ചിറക്കപ്പെടുന്നില്ല. അതിനു മറുപടിയായി അല്ലാഹു പറഞ്ഞു: "അങ്ങനെ നാം അത് അദ്ദേഹത്തിന്റെ മനസ്സിൽ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടിയാണ്" അതായത് അവർ ചോദിക്കുന്നതിനൊക്കെ നിന്റെ കയ്യിൽ മറുപടിയുണ്ടാകുന്നതിനുവേണ്ടിയാണ് നാം ഈ ഖുർആൻ ഖണ്ഡശ്ശയായി ഇറക്കിയിരിക്കുന്നത്: ഇത് ഒന്നിച്ച് ഒറ്റയടിക്ക് ഇറക്കിയിരുന്നുവെങ്കിൽ പിന്നീട് അവരുന്നയിക്കുന്ന ചോദ്യങ്ങൾക്ക് നിന്റെ കൈയിൽ മറുപടിയുണ്ടാവില്ല.

**107–109.** ٱلَّذِينَ أُوتُوا۟ ٱلْعِلْمَ مِن قَبْلِهِۦٓ-എന്നതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത് പൂർവവേദങ്ങളിൽനിന്ന് ശരിയായ ജ്ഞാനം നേടിയ സജ്ജനങ്ങളെയാണ്. വേദം-പൂർവവേദങ്ങളായാലും പിൽക്കാല വേദമായാലും-വായിച്ചു പഠിക്കുന്നവരെല്ലാം അതിൽനിന്ന് ശരിയായ ജ്ഞാനം നേടുന്നവരല്ല. ആത്മാർഥമായ വിശ്വാസവും ദൈവബോധവും ധർമബോധവുമുള്ളവർക്കേ വേദത്തിന്റെ വെളിച്ചം കാണാനാകൂ. ഭൗതികമായ രാഗ ദ്വേഷ മോഹാദികൾ ദൈവഭക്തിയെക്കാളും സത്യാന്വേഷണ താൽപര്യത്തെക്കാളും മികച്ചുനിൽക്കുന്ന മനസ്സുകൾ തങ്ങളുടെ ആസക്തികൾക്കും അഭിനിവേശങ്ങൾക്കും അനുകൂലമായ വിധത്തിലേ വേദപ്രമാണങ്ങൾ മനസ്സിലാക്കൂ. അത്തരക്കാരിൽ വേദപഠനം സന്മാർഗത്തിലേറെ ദുർമാർഗമായിരിക്കും വളർത്തുക. ഖുർആൻ തന്നെ ധാരാളമാളുകളെ സന്മാർഗത്തിലേക്ക് നയിക്കുന്നതുപോലെ ധാരാളമാളുകളെ മാർഗഭ്രംശത്തിലാക്കുന്നുമുണ്ട് يُضِلُّ بِهِۦ كَثِيرًا وَيَهْدِى بِهِۦ كَثِيرًا (2:26).

ഖുർആൻ അവതരിക്കുന്ന കാലത്ത് അറേബ്യയിലുണ്ടായിരുന്ന വേദപണ്ഡിതന്മാർ യഹൂദരും ക്രൈസ്തവരുമായിരുന്നു. അവരിൽ പലരും വേദവിജ്ഞാനത്തെ പരിഗണിച്ചിരുന്നത് മറ്റു ജനവിഭാഗങ്ങൾക്കു മീതെ തങ്ങളുടെ മേധാവിത്വവും പ്രത്യേക അവകാശങ്ങളും സ്ഥാപിക്കാനുള്ള ഉപാധിയായിട്ടായിരുന്നു. അതുകൊണ്ട് സ്വസമുദായത്തിനു പുറത്ത് ആഗതമാകുന്ന പ്രവാചകന്മാരെയോ വേദങ്ങളെയോ അംഗീകരിക്കാൻ അവർ തയാറായിരുന്നില്ല - ആ പ്രവാചകനും വേദവും തങ്ങളുടെ കൈവശമുള്ള വേദപ്രവചനങ്ങളുടെ സാക്ഷാത്കാരമായാൽ പോലും. വേദവിജ്ഞാനത്തെ പരമ്പരാഗതമായ സങ്കൽപങ്ങളും ആചാര സമ്പ്രദായങ്ങളും, നിലനിർത്താനും ഭൗതിക വിഭവങ്ങളും അധികാര താൽപര്യങ്ങളും സംരക്ഷിക്കാനുമുള്ള ഉപകരണമായി കാണാതെ ആത്മാർഥമായ ദൈവഭക്തിയോടെ, ധർമബോധത്തോടെ സമീപിക്കുന്ന സത്യസന്ധരായ കുറെയാളുകൾ മറുവശത്തുമുണ്ടായിരിക്കും. അത്തരം ആളുകളാണ് യഥാർഥ വേദജ്ഞർ. തങ്ങളുടെ കൈവശമുള്ള വേദങ്ങൾ പ്രവചിച്ചിട്ടുള്ള അന്ത്യപ്രവാചകന്റെയും അന്തിമവേദത്തിന്റെയും ആഗമനം പ്രതീക്ഷിച്ചിരിക്കുന്നവരാണവർ. ഒടുവിൽ ആഗതനാകുമെന്ന് വേദങ്ങൾ പ്രവചിച്ച പ്രവാചകന്റെയും വേദത്തിന്റെയും ലക്ഷണങ്ങൾ മുഹമ്മദ് നബിയിലും ഖുർആനിലും വെട്ടിത്തിളങ്ങുന്നത് അവർ കാണുന്നു. അതിനാൽ ഖുർആൻ കേൾക്കുമ്പോൾ അവർ ഭക്തിപാരവശ്യത്താൽ സുജൂദിൽ വീണുപോകുന്നു. വിശുദ്ധ ഖുർആനുമായി മുഹമ്മദ് നബിയെ നിയോഗിച്ചുകൊണ്ട്, പൂർവവേദങ്ങളിൽ നൽകിയ വാഗ്ദാനം പൂർത്തീകരിച്ച അല്ലാഹുവിനോട് അത്യധികമായ നന്ദി പ്രകടിപ്പിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു. വറകത്തുബ്നു നൗഫൽ, അബ്ദുല്ലാഹിബ്നു സലാം, മുഐഖിബ്, സൽമാനുൽ ഫാരിസി തുടങ്ങിയവർ ഈ വിഭാഗം വേദപണ്ഡിതന്മാർക്ക് ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഈ സൂക്തങ്ങളിലൂടെ ഖുർആൻ ഖുറൈശികളോട് പറയുന്നതിതാണ്: നിങ്ങൾ വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്തുകൊള്ളുക. എന്നാൽ നിങ്ങളേക്കാൾ സംസ്കൃതരെന്നും വിജ്ഞരെന്നും നിങ്ങൾ തന്നെ സമ്മതിക്കുന്ന വേദവിദ്വാന്മാർ ഈ വേദത്തെ അംഗീകരിക്കുക മാത്രമല്ല, അതിന്റെ ശ്രവണ മാത്രയിൽ അദമ്യമായ ഭക്തിപാരവശ്യത്തോടെ അല്ലാഹുവിനെ പ്രണമിക്കുന്നുമുണ്ട്. നിങ്ങളതിനെ വിശ്വസിച്ചാലും അവിശ്വസിച്ചാലും അതിന്റെ ഗുണവും ദോഷവും നിങ്ങൾക്കാണ്. നിങ്ങൾ അവിശ്വസിച്ചതുകൊണ്ട് എനിക്കോ ഖുർആനിനോ ഒരു കോട്ടവും വരാനില്ല.

പാരായണ പ്രണാമം-سجود التلاوة-നിർദേശിക്കപ്പെട്ടിട്ടുള്ള 15 സൂക്തങ്ങളിലൊന്നാണ് സൂറ ഇസ്രാഈലിലെ നൂറ്റി എട്ടാം സൂക്തമെന്ന് അബൂദാവൂദും ഇബ്നു മാജയും നിവേദനം ചെയ്ത ഹദീസിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ സൂക്തം പാരായണം ചെയ്യുന്നവരും കേൾക്കുന്നവരും സുജൂദ് ചെയ്യുന്നത് സുന്നത്താകുന്നു.

ഖുർആൻ പാരായണം കേട്ടാൽ യഥാർഥ വിശ്വാസികളുടെ വിശ്വാസം വർധിക്കുമെന്ന് وإذا تليت عليهم آياته زادتهم ايمانا. സൂറ *അത്തൗബ* രണ്ടാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഖുർആൻ പാരായണം ചെയ്യുമ്പോഴും കേൾക്കുമ്പോഴും കരഞ്ഞുപോകുന്നത് ഭക്തി പാരവശ്യത്തിന്റെയും ഹൃദയ വിശുദ്ധിയുടെയും ലക്ഷണമാണ്. അത് പരലോകത്ത് നരകമോചനത്തിനു കാരണമാകുമെന്ന് ചില ഹദീസുകളുണ്ട്. മലക്ക് ജിബ്രീൽ പ്രവാചകനോട് പറഞ്ഞതായി ഇമാം

അഹ്മദ് ഉദ്ധരിക്കുന്നു: "മനുഷ്യകർമങ്ങളെല്ലാം ഞങ്ങൾ തൂക്കി കണക്കാക്കും. കരച്ചിലൊഴിച്ച്. കണ്ണുനീരുകൊണ്ട് അല്ലാഹു നരകത്തിന്റെ തീപ്പുഴകൾ കെടുത്തുന്നു." നബി(സ) പ്രസ്താവിച്ചതായി ഹാകിം, തിർമിദി ഉദ്ധരിക്കുന്നു: ഒരു സമൂഹത്തിൽ ഒരു ദൈവദാസൻ കരഞ്ഞാൽ, ആ ദാസൻ കരഞ്ഞതിന്റെ പേരിൽ അല്ലാഹു ആ സമുദായത്തെ നരകത്തിൽനിന്നും രക്ഷിക്കും. തൂക്കവും പ്രതിഫലവുമില്ലാത്ത ഒരു കർമവുമില്ല; കണ്ണുനീരൊഴിച്ച്. അത് (കണ്ണുനീര്) തീക്കടലുകൾ കെടുത്തും. ദൈവഭയത്താൽ ഒരു കണ്ണും സജലമാകുന്നില്ല, അതിനെ വഹിക്കുന്ന ശരീരത്തിന് അല്ലാഹു നരകം നിഷിദ്ധമാക്കിയിട്ടല്ലാതെ. കണ്ണുനീർ കവിളിലൂടെ ഒഴുകിയവന്റെ മുഖം ഇരുട്ടും അപമാനവും മൂടുകയില്ല."

നമസ്കാരത്തിനിടയിൽ ദൈവഭയത്താൽ കരയുന്നത് നമസ്കാരത്തിന് ഹാനികരമാവുകയില്ലെന്ന് കർമശാസ്ത്രകാരന്മാർ പറഞ്ഞിരിക്കുന്നു. കരച്ചിൽ ശബ്ദത്തോടും സംസാരത്തോടും കൂടിയതായിരിക്കരുതെന്ന് ചില പണ്ഡിതന്മാർ ഉപാധിവെച്ചിട്ടുണ്ട്. രോഗികൾ നമസ്കാരത്തിൽ ഞരങ്ങുന്നതുകൊണ്ട് ദോഷമില്ല. രോഗമില്ലാത്തവർ അതു ചെയ്യുന്നത് വെറുക്കപ്പെട്ടത്-مكروه- ആണെന്ന് ഇമാം മാലിക് അഭിപ്രായപ്പെട്ടിരിക്കുന്നു. മുരടനക്കലും ഊതലും ഇപ്രകാരം തന്നെ. അതിൽ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്ന അക്ഷരങ്ങളുണ്ടെങ്കിൽ നമസ്കാരം അസാധുവാകുമെന്ന് ശാഫിഈ പ്രസ്താവിച്ചിരിക്കുന്നു. ഇത്തരം സംഗതികൾ ദൈവഭക്തിയാൽ ഉണ്ടാകുന്നതാണെങ്കിൽ നമസ്കാരത്തിന് കുഴപ്പമില്ലെന്നും വേദന ലഘൂകരിക്കാനോ മാറ്റാനോ ആണെങ്കിൽ നമസ്കാരം അസാധുവാകുമെന്നുമാണ് ഇമാം അബൂഹനീഫയുടെ പക്ഷം. ■